**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1424** **07-10-2021 - ൽ മറുപടിയ്ക്ക്**

**പിൻതുടർച്ചാ പോക്കുവരവ് ചെയ്യുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | അനന്തരാവകാശ സാക്ഷ്യപത്രം ലഭിക്കാൻ അവകാശികളുടെ മൊഴിയും അയൽസാക്ഷികളുടെ മൊഴിയും വില്ലേജ് ഓഫീസർ നേരിട്ട് രേഖപ്പെടുത്തുന്നുണ്ടെങ്കിലും പിൻതുടർച്ചാ പോക്കുവരവിന് അപേക്ഷിക്കുമ്പോൾ വീണ്ടും അയൽ സാക്ഷികളുടെ മൊഴിയും അവകാശികളുടെ മൊഴിയും വേണമെന്ന നിബന്ധന ജനങ്ങളെ ഏറെ ബുദ്ധിമുട്ടിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | അഞ്ച് ലക്ഷം രൂപ വരെയുള്ള തുകകൾ അവകാശികൾക്ക് ലഭിക്കുന്നതിനായാണ് അനന്തരാവകാശ സാക്ഷ്യപത്രം അനുവദിക്കുന്നത്. പിൻതുടർച്ചാ പോക്കുവരവിന്റെ കാര്യത്തിൽ കേരള പോക്കുവരവ് ചട്ടങ്ങൾ 1966 ന്റെ ചട്ടം 27(i) ആണ് ബാധകം. പ്രസ്തുത ചട്ടപ്രകാരം തർക്കരഹിതമായ കേസുകളിൽ ഉടൻ തന്നയോ അല്ലെങ്കിൽ മതിയായ അന്വേഷണ വിചാരണയ്ക്ക് ശേഷമോ പോക്കുവരവ് ചെയ്യുന്നതിന് നിർദ്ദേശം നൽകാവുന്നതും, തർക്കമുള്ള കേസുകളിൽ മരിച്ച പോയ ആളുടെ വ്യക്തി നിയമമനുസരിച്ച് യഥാർത്ഥ അവകാശം ആർക്കാണെന്നത് സംബന്ധിച്ച് സമ്മറി വിചാരണ നടത്തി അവകാശികളെ കണ്ടെത്തി പോക്കുവരവ് ചെയ്യണമെന്നുമാണ് വ്യവസ്ഥ. |
| (ബി) | എങ്കിൽ പ്രസ്തുത നിബന്ധന മാറ്റി അനന്തരാവകാശ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ അനന്തരാവകാശികൾക്ക് നിയമാനുസൃതമായി പിൻതുടർച്ച പോക്ക് വരവ് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | അഞ്ച് ലക്ഷം രൂപ വരെയുള്ള തുകകൾ അവകാശികൾക്ക് ലഭിക്കുന്നതിനായാണ് അനന്തരാവകാശ സാക്ഷ്യപത്രം അനുവദിക്കുന്നത്. പിൻതുടർച്ചാ പോക്കുവരവിന്റെ കാര്യത്തിൽ കേരള പോക്കുവരവ് ചട്ടങ്ങൾ 1966 ന്റെ ചട്ടം 27(i) ആണ് ബാധകം. പ്രസ്തുത ചട്ടപ്രകാരം തർക്കരഹിതമായ കേസുകളിൽ ഉടൻ തന്നയോ അല്ലെങ്കിൽ മതിയായ അന്വേഷണ വിചാരണയ്ക്ക് ശേഷമോ പോക്കുവരവ് ചെയ്യുന്നതിന് നിർദ്ദേശം നൽകാവുന്നതും, തർക്കമുള്ള കേസുകളിൽ മരിച്ച പോയ ആളുടെ വ്യക്തി നിയമമനുസരിച്ച് യഥാർത്ഥ അവകാശം ആർക്കാണെന്നത് സംബന്ധിച്ച് സമ്മറി വിചാരണ നടത്തി അവകാശികളെ കണ്ടെത്തി പോക്കുവരവ് ചെയ്യണമെന്നുമാണ് വ്യവസ്ഥ. |
| (സി) | പിൻതുടർച്ചാ പോക്ക് വരവ് സേവനാവകാശ നിയമത്തിൽ ഉൾപ്പെടുത്തി സമയബന്ധിതമായി അവകാശികൾക്ക് ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കോമോ? | (സി) | സേവനാവകാശ നിയമത്തിൽ പോക്കുവരവ് ഉൾപ്പെടുത്തിയിട്ടുള്ളതും നിയമതടസ്സമോ സാങ്കേതിക തടസ്സമോ ഇല്ലാത്തതായ കേസുകളിൽ 40 ദിവസം സമയപരിധി നിശ്ചയിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ